**Malayala Manorama**

**20 August 2018**

**Chambakara, Pit on Canal Road**



ചമ്പക്കര കനാൽ റോഡിൽ ഇന്നലെ ഉച്ചയോടെ പ്രത്യക്ഷപ്പെട്ട ഗർത്തം.

# കനാൽ റോഡിൽ ഗർത്തം

ചമ്പക്കര • ആശങ്കപ്പെട്ടതു സംഭവിച്ചു. അധികൃതരുടെ നടപടിക്കു കാത്തു നിൽക്കാതെ ചമ്പക്കര കനാൽ റോഡ് ഇടിഞ്ഞു തുടങ്ങി. വിള്ളൽ ആദ്യം പ്രത്യക്ഷപ്പെട്ട ഭാഗത്ത് ഇന്നലെ ഉച്ചയോടെ ഗർത്തം രൂപം കൊണ്ടു. ഏകദേശം ഒരു മീറ്റർ വ്യാസം ഉണ്ട്. നല്ല ആഴവും ഉണ്ട്. അടിമണ്ണ് ഒഴുകി പോയി റോഡിന്റെ ടാറിങ് വായുവിലാണു നിൽക്കുന്നത്. കനാൽ റോഡ് നിർമിക്കുമ്പോൾ ഇട്ടിട്ടുള്ള കരിങ്കില്ലുകളിലാണിപ്പോൾ റോഡിന്റെ ബലം.

മെട്രോ റെയിൽ നിർമാണത്തിന്റെ ഭാഗമായി ചമ്പക്കര സമാന്തര പാലത്തിനു സ്പാൻ താഴ്ത്തുന്നതിനായി കനാലിന്റെ വീതി കുറയ്ക്കാൻ ബണ്ട് കെട്ടിയിരുന്നു. മൂന്നു സ്പാനുകൾക്ക് ഇടയിലൂടെ പോയിരുന്ന വെള്ളം ഒരെണ്ണത്തിന് ഇടയിലൂടെ മാത്രമായി. കുത്തൊഴുക്കു വർധിച്ചതോടെ കനാൽ തീരത്തിന്റെ അടിഭാഗത്തെ മണ്ണ് പൂർണമായും ഒഴുകിപ്പോയതാണു റോഡ് വിണ്ടുകീറാൻ കാരണം. മലവെള്ളം ഇരച്ചെത്തിയതോടെ ഒഴുക്ക് അതിശക്തമായി. വെള്ളം കുത്തി പ്പൊങ്ങി ചുഴി പോലെ ചുറ്റിത്തിരിയുകയാണിപ്പൊഴും. ഇത് ഒഴിവാക്കാൻ ബണ്ട് പൊട്ടിച്ചെങ്കിലും ഫലപ്രദം ആയില്ലെന്നാണ് റോഡിൽ ഗർത്തം രൂപം കൊണ്ടതു കാണിക്കുന്നത്.

തൈക്കൂടം ഭാഗത്തെ ബണ്ടാണു പൊട്ടിച്ചത്. ഈ ഭാഗത്തു വെള്ളം വലിയ കുത്തൊഴുക്കില്ലാതെ പോകുന്നുണ്ട്. ചമ്പക്കര ഭാഗത്ത് ഇപ്പോഴും ബണ്ടിലെ ഷീറ്റ് മാറ്റിയിട്ടില്ല. അതിനാൽ വെള്ളം കുത്തിപ്പൊങ്ങുന്നതു തുടരുകയാണ്. ചമ്പക്കര ഭാഗത്തായിരുന്നു പ്രശ്നം. ബണ്ട് തുറക്കാൻ പറഞ്ഞപ്പോൾ തുറന്നു. ഒഴുക്കിന്റെ ഗതി വിലയിരുത്താതിരുന്നതാണ് ഇപ്പോഴത്തെ സ്ഥിതി വിശേഷത്തിനു കാരണം. ഈ നിലയിൽ പോവുകയാണെങ്കിൽ അധികം താമസിയാതെ തന്നെ ഭിത്തി ഇടിഞ്ഞു വീഴും. കനാൽ തീരത്തു താമസിക്കുന്നവരുടെ ആശങ്ക അകറ്റണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്.

## വാഗ്ദാനം പാഴായി

• കണ്ണാടിക്കാട് മുതൽ ചമ്പക്കര വരെ 1.35 കിലോ മീറ്ററാണ് കനാൽ റോഡ്. രണ്ടു വർഷം മുൻപ് കണ്ണാടിക്കാട് ഭാഗത്തു കനാൽ തീരത്തെ തണൽമരം വീണപ്പോൾ കനാൽ ഭിത്തിയും ഇടിഞ്ഞു.

അതിനു ശേഷം മൂന്നിടങ്ങളിലും ഭിത്തി ഇടിഞ്ഞു. ഇതിൽ കണ്ണാടിക്കാട് പാലത്തിനു താഴെ ഇപ്പോഴും ഭിത്തി ഇല്ല. അപകട സാധ്യത ഏറെയാണിവിടെ. കനത്ത വേലിയേറ്റത്തിൽ ഈ ഭാഗത്തു കൂടെ റോഡിൽ കനാൽ വെള്ളം നിറയുന്ന സ്ഥിതിയാണ്. ഇതു റോഡിനും ബലക്ഷയം ഉണ്ടാക്കുന്നു.

തകർന്ന ഭിത്തി കെട്ടാതെ ഏറെ നാൾ കിടന്നപ്പോൾ ഐഎൻടിയുസി മരട് മണ്ഡലം കമ്മിറ്റി സമരം നടത്തിയിരുന്നു. പൂർണമായി തകർന്നു കിടക്കുന്ന സ്ഥലം നന്നാക്കുവാൻ ഇതോടെ അടിയന്തരമായി 40 ലക്ഷം അനുവദിച്ചു. തകർന്നു വീണത് ഉൾപ്പെടെ കനാൽ റോഡ് മുഴുവൻ ഭിത്തി ബലപ്പെടുത്തുമെന്ന് അന്ന് ഉൾനാടൻ ജലഗതാഗത അതോറിറ്റി അധികൃതർ സമരക്കാർക്ക് ഉറപ്പു നൽകിയിരുന്നതാണ്.

ഏകദേശം എട്ടു കോടിയാണ് അന്നു ചെലവു കണക്കാക്കിയത്. തകർന്ന ഭാഗം നന്നാക്കിയത് ഒഴിച്ചാൽ പിന്നീടു നടപടി ഒന്നും ഉണ്ടായില്ല. കനാൽ തീരത്ത് മരം വച്ചു പിടിപ്പിച്ചതാണ് ഭിത്തി ഇടിയാൻ കാരണമായി അന്നു പറഞ്ഞത്.

ഇപ്പോഴത്തേത് ഇതിൽ നിന്നു വ്യത്യസ്തമാണ്. കെഎംആർഎൽ, ഉൾനാടൻ ജലഗതാഗത അതോറിറ്റി, കൊച്ചി നഗരസഭ അധികൃതർ ഇന്നു സ്ഥലം സന്ദർശിക്കും.